ധങ്ങളുടെതുൾപ്പെടെയുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർക്ക് അധികാരമുണ്ട്.

139 (139) എംപ്ലോയ്മെന്റ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എംപ്ലോയ്മെന്റ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എംപ്ലോയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)മുതൽ(സി)വരെ ഉണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാം. ഇതിന്റെ പ്രാരംഭമായി തിരുവനന്തപുരത്തുള്ള പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പ്യൂട്ടർവൽക്കരിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നുണ്ട്. നടപ്പ് സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

140 (140) ഐ.ടി.ഐ. പാസ്സായ കുട്ടികൾക്ക് സ്വയംതൊഴിൽ

ഡോക്ടർ എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. പാസ്സായ കുട്ടികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ടി.വി.ടെക്നീഷ്യൻ, എം.ആർ. എ.സി.ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് സർക്കാർ അനുമതി നൽകി ഒന്നര വർഷം ആയിട്ടും കോഴ്സ് ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കോഴ്സ് തുടങ്ങുന്നതിലേയ്ക്കായി 5500-9075 സ്കെയിലിൽ സർക്കാർ അനുവദിച്ച സ്പെഷ്യൽ ഇൻസ്ട്രക്ടർമാരുടെ നിയമനം ഐ.ടി.ഐ.കളിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നിയമനം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് വകുപ്പ് സ്വീകരിച്ച മാനദണ്ഡമെന്താണ്. സെലക്ഷൻ കമ്മിറ്റി രൂപീകരണം സർക്കാർ നിർദ്ദേശമനുസരിച്ചാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) സെലക്ഷനുവേണ്ടി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയതിലും ഉത്തരകടലാസ്സുകൾ മൂല്യനിർണ്ണയം നടത്തിയതിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതിലും ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായിട്ടുള്ള ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇവയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഐ.ടി.ഐ. പാസ്സായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ ഇൻസ്ട്രക്ടർമാർക്ക് സി.ടി.ഐ. ട്രെയിനിംഗ് വേണ്ടെന്ന് വയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)കോഴ്സ് തുടങ്ങുന്നതിന് മുൻപ് അദ്ധ്യാപകരെ നിയമിച്ചതു വഴി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കോഴ്സുകൾ ആരംഭിക്കുന്നതിന് മുൻപ് അദ്ധ്യാപകരെ നിയമിക്കുകയെന്നുള്ളതാണ് പ്രാരംഭ നടപടി. അദ്ധ്യാപകരെ നിയമിച്ചാൽ മാത്രമെ അവരുടെ പങ്കാളിത്തതോടെ പ്രസ്തുത കോഴ്സുകളിലേക്ക് പരിശീലകരെ പ്രവേശിപ്പിക്കുന്നതിനും പരിശീലനം സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും കഴിയൂ.

(സി) 13.10.98-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3145/98/തൊഴിൽ പ്രകാരം ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരമാണ് സ്പെഷ്യൽ ഇൻസ്ട്രക്ടർമാരുടെ തെരഞ്ഞെടുപ്പും സെലക്ഷൻ കമ്മിറ്റി രൂപീകരണവും നടത്തിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വേണ്ടെന്ന് വച്ചിട്ടില്ല.

(എഫ്) ഇതുമൂലം സർക്കാരിന് സാമ്പത്തികനഷ്ടം ഒന്നും ഉണ്ടായിട്ടില്ല.

141 (141) സിദ്ധവൈദ്യ ശുശ്രൂഷാലയങ്ങളും മർമ്മചികിത്സാ കേന്ദ്രങ്ങളും സ്ഥാപിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള സിദ്ധവൈദ്യഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സിദ്ധവൈദ്യ സമ്പ്രദായം അനുസരിച്ചുള്ള ആതുര ശുശ്രൂഷാലയങ്ങൾ അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം; എന്നത്തേക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) മർമ്മ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി)&(സി) ഏതാനും സിദ്ധവൈദ്യഡിസ്പെൻസറികൾ ഇപ്പോൾ നിലവിലുണ്ട്. പുതിയ ആശുപത്രികൾ തുടങ്ങാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly